പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1758 | 18-06-2012 -ൽ മറുപടിക്ക്.

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ പാർപ്പിട പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;<br><br>(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) യും (ബി) യും ദാരിദ്ര്യ രേഖക്ക് താഴെയുള്ള എല്ലാ ഭൂരഹിത ഭവന രഹിതർക്കും ഭൂമിയും വീടും നൽകുക, എല്ലാ ഭവന രഹിതർക്കും വീട് നൽകുക എന്നീ ലക്ഷ്യത്തോടെ സമ്പൂർണ്ണ ഭവന പദ്ധതിയായ ഇ.എം.എസ്. ഭവന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31 വരെ പരിമിതപ്പെടുത്തിയിട്ടുണ്ട്. 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് ' എന്ന സമഗ്ര പുനരധിവാസ പദ്ധതിക്ക് രൂപകല്പന ചെയ്തു വരുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (സി) 2011-2012 വർഷത്തെ ബഡ്ജറ്റിൽ സാഫല്യം ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി എത്ര രൂപ വക കൊള്ളിച്ചിരുന്നു എന്നും ആ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട് എന്നും ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) 2011-2012 വർഷത്തെ ബഡ്ജറ്റിൽ സാഫല്യം പദ്ധതിക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൻ പ്രകാരം കോട്ടയം ജില്ലയിലെ അകലക്കുന്നത്ത് സാഫല്യം പദ്ധതിയുടെ ആദ്യഘട്ടമായി 48 ഫ്ലാറ്റുകൾ വീതമുള്ള രണ്ട് ബ്ലോക്കുകളിലായി മൊത്തം 96 ഫ്ലാറ്റുകളുടെ നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. ഇതിനായി 1.90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ